"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോഴിക്കോട്-അളകാപുരി ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് ഫയൽ ചെയ്ത WP(C) No.2534/2019 - ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1745/2025/LSGD തീയതി, തിരുവനന്തപുരം, 15-07-2025

---

പരാമർശം:-

1. 27.12.2016-ലെ 472846/RA2/2016/LSGD നമ്പർ സർക്കാർ കത്ത്.
2. WP(C) No.2534/2019 നമ്പർ കേസിലെ ബഹു. കേരള ഹൈക്കോടതിയുടെ 28.02.2025 തീയതിയിലെ വിധിന്യായം.
3. ചീഫ് ടൗൺ പ്ലാനറുടെ 14.05.2025-ലെ LSGD/PD/9693/2025-TCPA1 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വരുന്ന അളകാപുരി ഹോട്ടലിന്റെ നിലവിലുള്ള ഒരുനില കെട്ടിടത്തിന്റെ ചില ഭാഗങ്ങളിൽ രണ്ടാംനില നിർമ്മിച്ചത് ക്രമവൽക്കരിക്കുന്നതിനായി, 2014-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃതനിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരം നൽകിയ അപേക്ഷ ചീഫ് ടൗൺ പ്ലാനർ നിരസിച്ചതിനെത്തുടർന്ന് അളകാപുരി ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 2534/2019 നമ്പർ കേസിൽ പരാമർശം(2) പ്രകാരം പുറപ്പെടുവിച്ച വിധിന്യായപ്രകാരം എക്സിബിറ്റ് പി3, പി4, പി5 എന്നിവ റദ്ദ് ചെയ്യും വിധിന്യായത്തിന്റെ തീയതി മുതൽ നാലു മാസത്തിനകം 2014-ലെ അനധികൃത നിർമ്മാണ ക്രമവൽക്കരണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ എക്സിബിറ്റ് പി1 ക്രമവൽക്കരണ അപേക്ഷ ചട്ടപ്രകാരം പരിശോധിച്ച് നാല് മാസത്തിനുള്ളിൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് നിർദ്ദേശിച്ചും ബഹു.ഹൈക്കോടതി ഉത്തരവായിരുന്നു.

2) 2014-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃതനിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരം അനധികൃതനിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. മേൽ സാഹചര്യത്തിൽ ക്രമവൽക്കരണത്തിനായി ജില്ല ടൗൺ പ്ലാനർ മുഖേന ലഭിച്ച അപേക്ഷ ടി ചട്ടങ്ങളുടെ ചട്ടം 5(5) പ്രകാരമുള്ള ഫോം ID സഹിതം പരാമർശം(2) പ്രകാരം ചീഫ് ടൗൺ പ്ലാനർ ലഭ്യമാക്കിയിട്ടുണ്ട്.

3) പ്രസ്തുത നിർമ്മാണം, കൂട്ടിച്ചേർക്കൽ നിർമ്മാണം ആയതിനാൽ പരാമർശം (1)-ന്റെ അടിസ്ഥാനത്തിൽ, ടി നിർമ്മാണം 2014-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃതനിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങളുടെ ചട്ടം 2(i)(j)യുടെ പ്രൊവൈസോ പ്രകാരം ക്രമവൽക്കരണ ചട്ടങ്ങളുടെ പരിധിയിൽ വരുന്നില്ലെന്നും വാർഡ് 17 ഡിടിപി സ്കീമിൽ ഉൾപ്പെടെ പ്രസ്തുത നിർമ്മാണം ഡിടിപി സ്കീമിൽ വിഭാവനം ചെയ്ത 10 മീറ്റർ വീതിയുള്ള റോഡിനെ ബാധിക്കുന്നുണ്ടെന്നും ടി ചട്ടങ്ങളുടെ ചട്ടം 5(2)-ന്റെ പ്രൊവൈസോ 1 പ്രകാരം ഡിടിപി സ്കീമുകൾ പാലിക്കപ്പെടാത്ത അനധികൃതനിർമ്മാണങ്ങൾ ടി ചട്ടങ്ങൾ പ്രകാരം ക്രമവൽക്കരിക്കാൻ സാധ്യമല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും കൂടാതെ മറ്റ് ന്യൂനതകളും നിലനിൽക്കുന്നുണ്ടെന്നുമുള്ള കാരണങ്ങളാൽ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃതനിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ 2014-ന്റെ വ്യവസ്ഥകൾ പ്രകാരം നിർദ്ദിഷ്ട നിർമ്മാണം ക്രമവൽക്കരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി പരാമർശം (2) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. M/s അളകാപുരി ഹോട്ടൽ പ്രൈവറ്റ് ലിമിറ്റഡിന്റെ അനധികൃതനിർമ്മാണം 2014-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃതനിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങളുടെ പരിധിയിൽ വരാത്തതിനാലും പ്രസ്തുത നിർമ്മാണത്തിന് മറ്റ് ന്യൂനതകളും നിലനിൽക്കുന്നുണ്ടെന്നതിനാലും പ്രസ്തുത നിർമ്മാണം ടി ചട്ടങ്ങൾ പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

5) ഇപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം(1) പ്രകാരമുള്ള വിധിന്യായത്തിലെ നിർദ്ദേശം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
മാനേജിങ് ഡയറക്ടർ, M/s അളകാപുരി ഹോട്ടൽസ് (പ്രൈവറ്റ്) ലിമിറ്റഡ്, എം.എം. അലി റോഡ്, കോഴിക്കോട്- 673 002
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, കോഴിക്കോട് .
സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഓദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (RB3/45/2019-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 15-07-2025 15:23:12
സെക്ഷൻ ഓഫീസർ